**പതിമൂന്നാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3334 — 24.06.2013 ന് മറുപടിയ്ക്ക്.

**വനമേഖലയിൽ സഞ്ചാരികൾക്കുള്ള സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.സെൽവരാജ് | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഗവി സഫാരി ജംഗിൾ പാർക്കിലേക്കുള്ള വഴി സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും സന്ദർശകർക്ക് ബുക്ക് ചെയ്യുന്നതിനും എന്തൊക്കെ സൗകര്യങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിലുണ്ടോ; | (എ) ഗവി സഫാരി ജംഗിൾ പാർക്കിലേക്കുള്ള വഴി സംബന്ധിച്ചുള്ള വിവരങ്ങൾ വനം വികസന കോർപ്പറേഷന്റെ വെബ്സൈറ്റായ www.kfdcecotourism.com-ൽ ലഭ്യമാണ്. സഫാരി ജംഗിൾ പാർക്കിലേക്കു ബുക്കു ചെയ്യുന്നതിന് കുമളിയിൽ ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നു. ഇവിടെ നിന്നും 04869 223270, 09947492399 എന്നീ ടെലഫോണുകളിൽ വിവരം ലഭ്യമാണ്. ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തി വരുന്നു.<br>ഗവി വരെ സന്ദർശകർക്ക് എത്തിപ്പെടുന്നതിനുള്ള ക്രമീകരണങ്ങളും, നിയന്ത്രണങ്ങളും വനം വകുപ്പ് ഏർപ്പെടുത്തി-യിട്ടുണ്ട്. ഉഡ്രിക്കൽ റെയിഞ്ചിലെ കൊച്ചാണ്ടി ചെക്ക് പോസ്റ്റ് വഴി ഗവിയിലേക്ക് പോകുന്ന വിനോദസഞ്ചാരികളുമായി ശനി, ഞായർ ദിവസങ്ങളിൽ ആദ്യമെത്തുന്ന 30 വാഹനങ്ങൾക്കും, മറ്റു ദിവസങ്ങളിൽ ആദ്യം എത്തുന്ന 10 വാഹനങ്ങൾക്കും പ്രവേശനം അനുവദിക്കുന്നുണ്ട്. കൂടാതെ പെരിയാർ ടൈഗർ റിസർവിന്റെ ആഭിമുഖ്യത്തിൽ 32 ആളുകൾക്ക് സഞ്ചരിക്കാവുന്ന ഒരു ബസ്സ് വള്ളക്കടവ് മുതൽ കൊച്ചുപമ്പ വരെ ദിവസം 3 പ്രാവശ്യം സന്ദർശകരെ കൊണ്ടുപോയി തിരിച്ചു കൊണ്ടുവരുന്നുണ്ട്. |
| (ബി) ഗവി വനത്തിനുള്ളിൽ വാച്ച് ടവർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടില്ല. |

(സി) തേക്കടി ടൂറിസ്റ്റ് സെന്ററിൽ വാഹനങ്ങൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്നതിനും പ്ലാസ്റ്റിക് സാധനങ്ങൾ നിരോധിക്കുന്നതിനും വന്യമൃഗങ്ങളുടെ സ്വൈരവിഹാരം തടസ്സപ്പെടുത്താതെ പാരിസ്ഥിതിക സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ തേക്കടിയിൽ ടൂറിസ്റ്റ് സെന്ററിനുള്ളിൽത്തന്നെയാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നത്. എന്നാൽ വന്യമൃഗങ്ങളുടെ സ്വൈരവിഹാരത്തെ ഇതു ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ വാഹനങ്ങൾ കേന്ദ്രത്തിനു പുറത്തു പാർക്ക് ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും പാർക്കിനുള്ളിൽ വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക്കുകൾ ദിവസേന നീക്കം ചെയ്യുകയും ചെയ്യുന്നുണ്ട്.

(ഡി) തേക്കടിയിൽ നടപ്പിലാക്കുന്ന മേളകൾക്കും, ആദിവാസി കലാപരിപാടികൾക്കും സമാനമായ പരിപാടികൾ വനമേഖലയിലെ മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) പെരിയാർ ടൈഗർ റിസർവ്വിൽ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

(ഇ) പെരിയാർ ടൈഗർ റിസർവ്വിൽ മാനേജ്മെന്റ് പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആണ് നടത്തി വരുന്നത്. ഇവിടെ ബോധവല്ക്കരണത്തിനായി ഒരു നാച്വറൽ ഹിസ്റ്ററി മ്യൂസിയവും സന്ദർശകർക്കായി ഒരു കഫറ്റേരിയയും നിർമ്മിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ സന്ദർശക ബാഹുല്യം നിമിത്തം ടൈഗർ റിസർവ്വിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പെരിയാർ ടൈഗർ റിസർവിനകത്തെ വാഹന പാർക്കിംഗ് സൗകര്യം ആനവച്ചാൽ ഭാഗത്താക്കിക്കൊണ്ട് പാർക്ക് മാനേജ്മെന്റിന്റെ നിയന്ത്രണത്തിൽ വാഹനങ്ങൾ വാങ്ങി സന്ദർശകരെ പാർക്കിനുള്ളിലേക്ക് കൊണ്ടുപോയി തിരിച്ചുകൊണ്ടുവരാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.